(ബി) ഈ കാര്യത്തിൽ അന്തിമ തീരുമാനം എന്നത്തേയ്ക്ക് ആവുമെന്ന് വ്യക്തമാക്കുമോ ;

(സി) പാട്ടത്തിനാണോ വെറുതെയാണോ ഭൂമി വിട്ടു കൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്, വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ഉടുമ്പൻചോല താലൂക്കിൽ പാറത്തോട് വില്ലേജിലെ സർവെ നമ്പർ 4/1-242/8- ൽപ്പെട്ട 1,4330 ഹെക്ടർ ഭൂമി എം.ജി. യൂണിവേഴ്സിറ്റിയുടെ നെടുംകണ്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിന്റെ ആവശ്യത്തിനായി 8,85,000 രൂപ വാർഷിക പാട്ട നിരക്കിൽ 15 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകാൻ 5-7-2000-ലെ ജി.ഒ. (എം.എസ്.) 209/2000/ റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്.

മറവൻകോട് മിച്ചഭൂമി കോളനി നിവാസികൾക്ക് കൈവശരേഖ നൽകാൻ നടപടി

66 (2089) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുവത്തൂർ നിയോജക മണ്ഡലത്തിലെ വെളിയം വില്ലേജിൽപ്പെട്ട മറവൻകോട് മിച്ചഭൂമി കോളനി നിവാസികൾക്ക് കൈവശ രേഖ നല്കാത്തുമൂലം ത്രിതല പഞ്ചായത്തുകളിൽ നിന്നുള്ള പദ്ധതി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തടസ്സം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കോളനി നിവാസികൾക്ക് പട്ടയം നല്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ വെളിയം വില്ലേജിൽപ്പെട്ട മറവൻകോട് മിച്ചഭൂമി കോളനി നിവാസികളിൽ അർഹരായ 58 കുടുംബങ്ങൾക്ക് മിച്ചഭൂമി കൈമാറ്റം സാധുകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് അനന്തര നടപടികൾ സ്വീകരിക്കുവാൻ കൊല്ലം ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കുകയും, തുടർന്ന് ജില്ലാ കളക്ടർ ആവശ്യമായ ഉത്തരവ് ബന്ധപ്പെട്ടവർക്ക് നല്കുകയും ചെയ്തിട്ടുണ്ട്.

മൂടാടി പഞ്ചായത്തിൽ പ്രഭുവിൽനിന്നും ഏറ്റെടുത്ത മിച്ചഭൂമി

67 (2090) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്കിലെ മൂടാടി പഞ്ചായത്തിലെ പ്രഭുവിന്റെ ഉടമയിലുണ്ടായിരുന്ന ഭൂമി ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര ഏക്കർ എന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly